(സി) അതിൽ എത്രയെണ്ണത്തിനു് ഗവണ്മെൻറു് അനുമതി നിഷേധിച്ചിട്ടുണ്ടു്;

(ഡി) നിഷേധിച്ചിട്ടുണ്ടെങ്കിലതിനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) തിരുവനന്തപുരം സിറ്റി ഇമ്പ്രൂവുമെൻറു് ട്രസ്റ്റു് ആക്റ്റിലെ 51–ാംവകുപ്പനുസരിച്ചു് ട്രസ്റ്റു് സമർപ്പിച്ചിരുന്ന പദ്ധതികളിൽ ചിലതിനു് ഗവണ്മെൻറു് അംഗീകാരം നൽകിയിട്ടില്ല.

(ബി) † പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ടു്.

(സി) രണ്ടെണ്ണത്തിനു്.

(ഡി) പഴയ എൻജിനീയറിംഗ് കാളേജിനടുത്തു നടത്തുവാനുദ്ദേശിച്ചിരുന്ന ഹൗസിംഗ് സ്കീമിനും, കവടിയാർ ഹൗസിംഗ് സ്കീമിനുമാണു് അനുമതി നിഷേധിച്ചതു്. ആദ്യത്തെ സ്കീം നടപ്പാക്കുവാനുദ്ദേശിച്ചിരുന്ന സ്ഥലം ബാർട്ടൻഹിൽ ഗേൾസ് ഹൈസ്കൂളിനു് ഒരു കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായതിനാൽ ആ സ്കീം നടപ്പാക്കാൻ കഴിഞ്ഞില്ല. രണ്ടാമത്തെ സ്കീം നടപ്പാക്കുവാനുദ്ദേശിച്ചിരിക്കുന്ന സ്ഥലം കവടിയാർ കൊട്ടാരത്തിനോടു് ചേർന്നു കിടക്കുന്നതിനാൽ മഹാരാജാവിനുണ്ടാകാവുന്ന അസൗകര്യങ്ങളേയും വൈഷമ്യങ്ങളേയും പരിഗണിച്ചു് നടപ്പാക്കേണ്ടതില്ലെന്നു് തീരുമാനിച്ചു.

(ഇ) ശാസ്തമംഗലത്തു് രഥപ്പുരക്കുന്നു് ഹൗസിംഗ് സ്കീം.

(എഫ്) ഗവണ്മെൻറു് ആ സ്കീം പരിശോധിക്കുകയും അതിനു് അനുമതി നിഷേധിക്കുകയും ചെയ്തു.

(ജി) തിരുവനന്തപുരം നഗരത്തിൻറെ വിവിധഭാഗങ്ങളിലായി പല സ്കീമുകളും ഇപ്പോൾ ട്രസ്റ്റിൻറെ പരിഗണനയിലുള്ളതുകൊണ്ടു് പ്രത്യേക നിർദ്ദേശങ്ങളൊന്നും കൊടുക്കേണ്ട ആവശ്യമില്ല.

വാർദ്ധക്യകാല പെൻഷൻ.

* 197. [27] ശ്രീ. ജി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷനുവേണ്ടി 1963 ഒക്ടോബർ 31–ാംതീയതിവരെ എത്ര പേർ അപേക്ഷിച്ചിട്ടുണ്ടു്;

(ബി) അതിൽ എത്രപേർക്കു പെൻഷൻ അനുവദിച്ചു; എത്ര പേർക്കു നിഷേധിച്ചു;

(സി) ഇതുവരെ തീരുമാനിക്കപ്പെടാതെ കിടക്കുന്ന അപേക്ഷകൾ എത്ര;

(ഡി) ആറുമാസത്തിൽ കൂടുതൽ കാലമായതെത്ര; ഒരു വർഷമായതെത്ര; രണ്ടു വർഷമായതെത്ര; രണ്ടു വർഷത്തിൽ കൂടുതലായതെത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 30,686 പേർ അപേക്ഷിച്ചിട്ടുണ്ടു്.

(ബി) 12,640 പേർക്കു അനുവദിച്ചു; 15,258 പേർക്കു നിഷേധിച്ചു.

(സി) 2,758 അപേക്ഷകൾ തീരുമാനിക്കപ്പെടാതെ കിടപ്പുണ്ടു്.

(ഡി) ആറുമാസത്തിൽ കൂടുതലായതു് 919-ും ഒരു വർഷമായതു് 574–ും രണ്ടുവർഷമായതു് 372–ും രണ്ടു വർഷത്തിൽ കൂടുതലായതു് 241–ും ആകുന്നു.

† Appendix V.

LIBRARY ARCHIVES Kerala Legislative Assembly